# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## അഖില മലങ്കര ബാലസമാജം

## ബാലസമാജദിന പ്രാർത്ഥന

**വി.യൂഹാനോൻ മാംദാനായുടെ ജനനത്തിന്റെ ഞായർ**

**(ഡിസംബർ 4 ഞായർ)**

*(വി.കുർബ്ബാനാനന്തരം ചൊല്ലേണ്ട പ്രാർത്ഥനയും പ്രതിജ്ഞയും)*

''ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത് '' എന്ന് അരുളി ചെയ്ത കർത്താവേ ഞങ്ങളുടെ കുഞ്ഞുങ്ങളെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. അവിടുന്ന് അവരെ വാഴ്ത്തണമെ. അവരുടെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും അവിടുത്തെ കൃപ അവർ അനുഭവിക്കുമാറാകണമെ. ''പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു ആത്മാവിൽ ബലപ്പെട്ടു'' എന്ന് നിന്നെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഞങ്ങളുടെ പൈതങ്ങൾ നിന്റെ ജ്ഞാനത്തിൽ നിറഞ്ഞ് നിന്റെ ആത്മാവിൽ ബലപ്പെടുവാൻ അവിടുന്ന് സംഗതിയാക്കണമെ. നിന്റെ സത്യപാതയിൽ കൂടി നടക്കുവാൻ അവർക്ക് ഇടയാകണമെ. പഠിക്കുന്നതിനുള്ള ഉത്സാഹവും, ബുദ്ധിയും, ശക്തിയും, ആരോഗ്യവും അവർക്ക് നീ പ്രദാനം ചെയ്യണമെ. മാതാപിതാക്കളെയും ഗുരുജനങ്ങളെയും ബഹുമാനിക്കുന്നവരും, സഹോദരങ്ങളെ കരുതുന്നവരും, സഭയെ സ്നേഹിക്കുന്നവരും, രാജ്യത്തിന്റെ അഖണ്ഡത കാത്തുകൊള്ളുന്നവരും ആയി, അവരെ ആക്കിതീർക്കേണമേ. ഞങ്ങളുടെ മാതാവായ മലങ്കര സഭയെ അവിടുന്ന് വാഴ്ത്തണമേ. ബാലജനങ്ങളെ അനുഗ്രഹിക്കണമെ. അവരുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന ബാലസമാജത്തിന്റെ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും അവിടുന്ന് വാഴ്ത്തണമെ. ഞങ്ങൾ അവിടുത്തേക്കും അവിടുത്തെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ

## ബാലസമാജദിന പ്രതിജ്ഞ

ഞാൻ ഭാരതത്തിന്റെ ദേശീയ സഭയായ/ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ/ ബാലസമാജ അംഗമാകുന്നു. ഞാൻ എന്റെ സഭയെ സ്നേഹിക്കുന്നു. എന്റെ രാജ്യത്തിന്റെ സംസ്കാരത്തിലും/ എന്റെ സഭയുടെ പാരമ്പര്യത്തിലും/ ഞാൻ അഭിമാനിക്കുന്നു. എന്റെ സമസൃഷ്ടികളായ ബാലജനങ്ങളെയും/ മാതാപിതാക്കളെയും/ സഹോദരങ്ങളെയും/ഗുരുജനങ്ങളെയും/വൃദ്ധജനങ്ങളെയും/ ഞാൻ കരുതുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. ദൈവത്തിൽ പൂർണമായി ആശ്രയിച്ച്/ എന്റെ ജീവിതം ക്രമീകരിക്കുമെന്നും / എന്റെ മാതാപിതാക്കളെ/ ജീവിതാന്ത്യത്തോളം സംരക്ഷിക്കുമെന്നും/ ഞാൻ ഉറപ്പു നൽകുന്നു. തെറ്റായ കൂട്ടുകെട്ടുകളിൽ ഉൾപ്പെടുകയില്ലെന്നും/ എന്റെ സഭയുടെയും/ രാജ്യത്തിന്റെയും/ സമൂഹത്തിന്റെയും/ ചട്ടങ്ങളെ മറുത്തു കളയുകയില്ലെന്നും/ ഞാൻ പ്രതിജ്ഞ ചെയ്യുന്നു. പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും/ ദുർവിനിയോഗം ചെയ്യാതെ/ അവയുടെ സംരക്ഷകനായി ഞാൻ പ്രവർത്തിക്കുന്നതാണ്. ഞങ്ങളുടെ പിതാവായ/ മാർത്തോമ്മാശ്ലീഹാ കാട്ടിത്തന്ന/വിശ്വാസ പൈതൃകത്തിൽ നിന്ന്/ ഞാൻ വ്യതിചലിക്കുകയില്ലെന്നും/ ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

ജയ് ജയ് കാതോലിക്കോസ്

ജയ് ജയ് ബാലസമാജം

മാർ തോമാ ശ്ലീഹായുടെ സിംഹാസനം -

നീണാൾ വാഴട്ടെ !